ശ്രീ. ദാമോദരൻ കാളാശ്ശേരി: എല്ലാ കാര്യങ്ങളിലും ദേവസ്വം ബോർഡിന് പരമാധികാരമില്ല. ചില കാര്യങ്ങളിൽ ഗവൺമെൻറിനും അധികാരമുണ്ട്. ഇതു സംബന്ധിച്ച് ആലോചിച്ച് എന്തെങ്കിലും ചെയ്യണമെന്ന് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ദേവസ്വം ബോർഡിനെതിരായി ഹൈക്കോടതിയുടെ പ്രധാന ഓബ്സർവേഷൻ ഉണ്ടായിട്ടുള്ളത് ധനാപഹരണം ദുർവിനിയോഗം മുതലായ കാര്യങ്ങളെ സംബന്ധിച്ചാണ്. ആഡിറ്റു റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ഈ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ക്രിമിനൽ നടപടി നിയമം അനുസരിച്ചോ മറ്റുനിയമങ്ങളും അനുസരിച്ചോ ഗവൺമെൻറിനു നടപടിയുമായി മുന്നോട്ടു പോകാൻ കഴിയുകയില്ലേ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: ഹൈക്കോടതിയുടെ തീരുമാനത്തിനു ശേഷം എന്താണെന്നു വെച്ചാൽ അതു ചെയ്യാം.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഹരിജൻ കോളനി നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

*263 [274] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിജൻ കോളനി നിവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അവയ്ക്കു പരിഹാരം കാണുന്നതിന് ഗവൺമെൻറ് എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(സി) കേരളത്തിലെ ഹരിജൻ കോളനികളോടനുബന്ധിച്ച് പൊതുശ്മശാനം നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് ഗവൺമെൻറ് രൂപം നൽകുമോ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) ഹരിജൻ കോളനികളിൽ വെള്ളം, വെളിച്ചം, റോഡുകൾ, കക്കൂസുകൾ എന്നിവ ആവശ്യമുണ്ടെന്ന് ബോദ്ധ്യമായിട്ടുണ്ട്. അവയുടെ പരിഹാരാർത്ഥം ഡിപ്പാർട്ടുമെൻറിൽ നിന്നും ഓരോ കൊല്ലവും ക്ലിപ്തമായ തുക ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ട്. ഈ തുക അപര്യാപ്തമാകയാൽ മറ്റു ഡിപ്പാർട്ടുമെൻറുകളുടെ ബഡ്ജറ്റിൽ നിന്നും 10 ശതമാനം വിഹിതം ഉപയോഗിച്ച് ടി പണികൾ ചെയ്യുന്നുണ്ട്.

(സി) ആലോചിക്കാവുന്നതാണ്;

LIBRARY ARCHIVES Kerala Legislative Assembly